# ‘ജീവിക്കുന്ന ദൈവം’

## ഇയ്യോബ് 19:25

“എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു.”

സാത്താനെയും അവന്റെ വാദങ്ങളെയും തകർക്കാൻ ദൈവം തന്നിൽ വിശ്വസ്തനായ ഇയ്യോബിനെ, അവന്റെ ജീവനൊഴികെ, സാത്താന്റെ കയ്യിൽ ഏൽപ്പിക്കുന്ന ഒരു കാഴ്ചയാണ് നാം ഇയ്യോബിന്റെ പുസ്തകം ആരംഭിക്കുമ്പോൾ കാണുന്നത്. അതിനു ശേഷം അവന്റെ ജീവിതത്തിൽ ഒന്നിനു പിറകേ ഒന്നായി സംഭവിക്കുന്ന കാര്യങ്ങൾ നോക്കിയാൽ, ഒരു മനുഷ്യനു താങ്ങാവുന്നതിലും അധികമായ ഹൃദയവ്യഥയോടു കൂടിയാണ് ഇയ്യോബ് കടന്നു പോകുന്നത്. തന്റെ മക്കളെയും, ധനമാനങ്ങളെയും, ആരോഗ്യത്തെയും എല്ലാം നഷ്ടമാകുന്ന ഒരവസ്ഥയിലേക്ക് അവൻ മാറ്റപ്പെടുന്നു. എന്നാൽ അവൻ ആ സാഹചര്യങ്ങളിലൂടെ കടന്നു പോകുമ്പോഴും തന്റെ ദൈവത്തോടുള്ള വിധേയത്വം ഒട്ടും കുറയാതെ നോക്കി. അതിനാലാണ് അവനു പറയാൻ സാധിച്ചത് “എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്ന്.” എന്നാൽ സാത്താൻ തന്റെ സകലവിധ ചതിക്കുഴികളും അവന്റെ മുമ്പിൽ നിരത്തി, അവനെകൊണ്ട് എങ്ങിനെയെങ്കിലും ദൈവത്തെ തള്ളിപ്പറയിപ്പിക്കാനും സ്വയം മരണം വരിപ്പിക്കുവാനുമൊക്കെ ശ്രമം നടത്തി. എന്നാൽ ഇയ്യോബിനു, ദൈവം തന്നെ ഒരു നാളും കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല എന്ന കാര്യം നിശ്ചയമായിരുന്നു. ആ രക്ഷകൻ ഒരു നാൾ എനിക്കുവേണ്ടി ഈ ഭൂമുഖത്ത് ഉറച്ചുനിൽക്കും എന്നും അവനു നല്ല ഉറപ്പായിരുന്നു.

പ്രിയരെ, നമ്മുടെ ജീവിതത്തിലും ഇത്ര കഠിനമല്ലെങ്കിലും ചില അനുഭവങ്ങൾ ദൈവം അനുവദിച്ചു തന്നിട്ടില്ലെ. എന്നാൽ ആ അനുഭവത്തിൽ ഞാൻ ഈ ദൈവത്തെ തള്ളിപ്പറഞ്ഞ് ആത്മമരണം സംഭവിക്കുന്ന ഒരു അവസ്ഥയിലേക്ക് കടന്നു പോയിട്ടുണ്ടോ എന്നു ഒന്നു ചിന്തിച്ചു നോക്കുക. റോമർ 8:28 ൽ പറയുന്നു “എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.” ദൈവം പൂർണ്ണനായിരിക്കുന്നതു പോലെ അവനു നമ്മിലുള്ള പദ്ധതികളും പൂർണ്ണമാണ്. അതിൽ നാം യാതൊരു വിധ സംശയങ്ങളോ വിചാരങ്ങളോ വച്ചു പുലർത്തേണ്ടതില്ല. നമ്മെ തന്നെ

അവനു സമർപ്പിച്ച് അവന്റെ ഹിതം നമ്മിൽ നിറവേറുവാൻ താഴ്ത്തിയേൽപ്പിക്കുകയത്രേ വേണ്ടത്. "ഞാൻ നിന്നെ ഒരു നാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല" (എബ്രായർ 13:5) എന്ന് ദൈവം തന്നെ വചനത്തിൽ നമുക്ക് വ്യക്തമാക്കുന്നുണ്ട്.

പ്രിയ ദൈവമക്കളെ, നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും ഒരിക്കലും ഉണ്ടാകില്ല എന്നു നാം വിചാരിക്കരുത്. ദൈവം തന്നിരിക്കുന്ന ഈ ഭൂവിലെ ജീവിതത്തിൽ നാം അതിലൂടെയെല്ലാം കടന്നു പോയി വിജയം വരിച്ചെങ്കിൽ മാത്രമേ നാം ദൈവമക്കളെന്ന പദവിക്കു യോഗ്യരാകുകയുള്ളൂ. യോഹന്നാൻ 16:33 ൽ കർത്താവ് ഇപ്രകാരം പറയുന്നുണ്ട് "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." ഈ ലോകത്തിൽ ആയിരിക്കുമ്പോൾ നമുക്ക് സ്വയമായി ഒന്നും ചെയ്‌വാൻ സാധ്യമല്ല. ദൈവത്തെ കൂടാതെ നാം ചെയ്യുന്നതെല്ലാം പരാജയത്തിലേക്കു മാത്രമേ നമ്മെ നയിക്കുകയുള്ളൂ. നാം പരാജിതരായി കാണാൻ ദൈവവും ഇഷ്ടപ്പെടുന്നില്ല. അതിനായിട്ടാണ് അവൻ തന്റെ പരിശുദ്ധാത്മാവിനെ നമുക്ക് കാര്യസ്ഥനായി തന്നിരിക്കുന്നത്. ആയതിനാൽ "പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുതു. നിന്റെ എല്ലാ വഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും." (സദൃശ്യവാക്യങ്ങൾ 3:5-6). ഈ ജീവിത വഴിത്താരയിൽ നമുക്കാശ്രയം ദൈവം മാത്രമാണെന്നുള്ള ബോധ്യത്തിൽ നമുക്ക് ജീവിതം ക്രമീകരിക്കാം. അതിനായി ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 46:7
സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെ ഉണ്ടു; യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗ്ഗം ആകുന്നു

ബ്രദർ ബിനു ബേബി ആലപ്പുഴ 108